# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ഫെബ്രുവരി 8

## വാർത്താക്കുറിപ്പ്

---

## ഊർജപരിവർത്തനത്തിന് പോളിമർ-നാനോ സംയുക്തങ്ങൾ: സംയുക്ത ഗവേഷണത്തിന് എം.ജിയും ഫ്രെഞ്ച് സർവ്വകലാശാലയും

ഊർജ പരിവർത്തനത്തിന് (വിവിധ സ്രോതസുകളിൽ നിന്ന് ചെറിയ തോതിൽ ലഭ്യമായിട്ടുള്ള ഊർജ മാത്രകളെ വൈദ്യുതോർജമായി മാറ്റുന്ന പ്രക്രിയ) ആവശ്യമായിട്ടുള്ള ഉപകരണങ്ങളും വിവിധ ആവശ്യങ്ങൾക്കുള്ള സൂക്ഷ്മ സെൻസറുകളും ചെലവ് കുറഞ്ഞതും പ്രകൃതി സൗഹാർദ്ദവുമായ രീതിയിൽ പോളിമർ-നാനോ സംയുക്തങ്ങൾ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതിക്കായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.) ഫ്രാൻസിലെ നാഷണൽ സെന്റർ ഫോർ സയന്റിഫിക് റിസർച്ചിന് കീഴിലുള്ള ലൊറെയ്ൻ യൂണിവേഴ്സിറ്റിയും കൈകോർക്കുന്നു. അഡ്വാൻസ്ഡ് പോളിമർ കംപോസിറ്റ്സ് ഫോർ മൈക്രോ ആക്ചേറ്റർ ആന്റ് എനർജി ഹാർവസ്റ്റിങ്ങ് ഡിവൈസസ് (എ.പി.ഒ.എൻ.എ.എം.എ.) എന്ന പേരിലുള്ള അഞ്ച് വർഷത്തെ ഈ ഗവേഷണ പദ്ധതിക്ക് 75000 യൂറോ ഫ്രെഞ്ച് സ്ഥാപനത്തിൽ നിന്ന് ധനസഹായം ലഭിക്കും.

സൗരോർജം, കാറ്റ്, താപസ്രോതസ്സുകൾ, കാന്തിക മണ്ഡലങ്ങൾ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള ചെറിയ തോതിലുള്ള ഊർജ പ്രവാഹത്തെ വൈദ്യുതോർജമായി മാറ്റിയെടുത്ത് കുറഞ്ഞ വൈദ്യുതി ആവശ്യമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ലഭ്യമാക്കാനാണ് പദ്ധതി പ്രധാനമായും വിഭാവനം ചെയ്യുന്നത്.

പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെ, താരതമ്യേന കുറഞ്ഞ ചെലവിൽ കാർഷിക മേഖലയിൽ നിന്നുള്ള പാഴ് വസ്തുക്കളിൽ നിന്ന് ജൈവ പോളിമറുകളുടെ നാനോ സംയുക്തങ്ങൾ വികസിപ്പിച്ചെടുത്ത് ഉപകരണങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നതാണ് പദ്ധതിയുടെ നേട്ടം.

ഊർജ പരിവർത്തനത്തിന് പുതിയ തരത്തിലുള്ള പീസോ ഇലക്ട്രിക് എനർജി ജനറേറ്ററും ഗവേഷണ പദ്ധതികളുടെ ഭാഗമായി വികസിപ്പിച്ചെടുക്കും. ബയോ പോളിമർ സംയുക്തങ്ങളുടെ സൂക്ഷ്മ ക്രിസ്റ്റലുകളും സൂക്ഷ്മ നാരുകളും ഉപയോഗിച്ചായിരിക്കും ഇതിനാവശ്യമാ സാമഗ്രികൾ വേർതിരിച്ചെടുക്കുക.

ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൂടിയായ പോളിമർ ശാസ്ത്രഗവേഷണരംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനായ പ്രൊഫ. സാബു തോമസാണ്. നാനോഗവേഷണ മേഖലയിലെ ശാസ്ത്രജ്ഞനും ഗവേഷകനും കൂടിയായ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പ്രൊഫ. നന്ദകുമാർ കളരിക്കലും ഗവേഷണത്തിൽ നിർണായക പങ്ക് വഹിക്കും.

സൂക്ഷ്മ രൂപത്തിലുള്ള സെൻസറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുന്നതിൽ പ്രത്യേക വൈദഗ്ധ്യം നേടിയവരാണ് ഈ ഗവേഷണ പദ്ധതിയിൽ പങ്ക് ചേരുന്ന ഫ്രെഞ്ച് ഗവേഷകരായ പ്രൊഫ. ഡിഡിയർ റൗസൽ, പ്രൊഫ. ഫ്രെഡറിക് സാരി, ഡോ. ഡെനിസ് സെയ്സെം എന്നിവർ. ഭൗതിക

ശാസ്ത്രജ്ഞരായ പ്രൊഫ. ഇസബെൽ റോയോസ്, ഡോ. മാർക്ക് ചൊൻകോട്ട് എന്നിവരും ഫ്രാൻസിൽ നിന്ന് ഈ ഗവേഷണത്തിൽ പങ്കു ചേരും.

(പി.ആർ.ഒ./39/148/2022)

## എം.ജി: പരീക്ഷകൾക്ക് മാറ്റമില്ല

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ഫെബ്രുവരി -9) മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ബി.ടെക് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് മാറ്റമില്ല. പരീക്ഷകൾ നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന സമയക്രമമനുസരിച്ച് നടക്കുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. നേരത്തെ ഫെബ്രുവരി 8 വരെ മാറ്റി വച്ചിരുന്ന അഞ്ചാം സെമസ്റ്റർ യു. ജി. പരീക്ഷകളും രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷകളും ഫെബ്രുവരി 11ന് പുനരാരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/149/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തിയ ഒൻപതാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ് - പഞ്ചവത്സരം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ഫെബ്രുവരി 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കും.

(പി.ആർ.ഒ./39/150/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ഫെബ്രുവരി 8

# വാർത്താക്കുറിപ്പ്

## പ്രചരണ സാമഗ്രികൾ നീക്കണം

മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിൽ സ്ഥാപിച്ചിട്ടുള്ള സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പോസ്റ്ററുകളും, ബാനറുകളും, മറ്റ് പ്രചരണ സാമഗ്രികളും അടിയന്തരമായി നീക്കം ചെയ്യാൻ വൈസ് ചാൻസലർ നിർദ്ദേശം നൽകി.

(പി.ആർ.ഒ./39/151/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ